പ്രസിദ്ധീകരണത്തിന്

## കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം റദ്ദ് ചെയ്യണം. (INTUC)

വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് യു.ഡി.എഫ്. സർക്കാർ നൽകിയ ശമ്പളം വെട്ടിക്കുറയ്ക്കണമെന്നുള്ള റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം അംഗീകരിച്ചതും കെ.എസ്.ഇ.ബി ലിമിറ്റഡ് യു.ഡി.എഫ്. കാലത്ത് ഇക്കാര്യത്തിൽ ഫയൽ ചെയ്ത കേസ് ഇപ്പോൾ പിൻവലിച്ചതും റദ്ദ് ചെയ്യണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.

ക്വാസി ജുഡീഷ്യൽ അതോറിറ്റിയായ റെഗുലേറ്ററി കമ്മീഷന് ജീവനക്കാരുടെ ശമ്പളത്തെ തൊട്ടു കളിക്കാനുള്ള അനുവാദം ആരും നൽകി വിട്ടില്ലെന്നും ജനറൽ സെക്രട്ടറി പറഞ്ഞു.

വൈദ്യുതി മേഖലയെ തകർക്കാനുള്ള റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തിനെതിരെ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ KSEB Ltd നു കീഴിലുള്ള 75 ഡിവിഷൻ കേന്ദ്രങ്ങളിലും നാളെ (07/07/2016) കരിദിനം ആചരിക്കും. തീരുമാനം നടപ്പാകുന്നതോടെ നിയമനങ്ങളും പ്രമോഷനുകളും തടയപ്പെടും. ഇത് വൈദ്യുതി മേഖലയെ തകർക്കും.

2011 ൽ യു.ഡി.എഫ്. ഭരണത്തിൽ വരുമ്പോൾ മുതൽ റെഗുലേറ്ററി കമ്മീഷൻ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇല്ലാത്ത അധികാരം റെഗുലേറ്ററി കമ്മീഷൻ ബോർഡിനു മേൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ യു.ഡി.എഫ്. സർക്കാർ എതിർത്തു. ഇലക്ട്രിസിറ്റി വർക്കർ ഉൾപ്പെടെ നിരവധി തസ്തികളിൽ കഴിഞ്ഞ 5 വർഷത്തിൽ നയമനം നടത്തി. കഴിഞ്ഞ 5 വർഷമായി ഇല്ലാതിരുന്ന അധികാരം കമ്മീഷന് എവിടെ നിന്ന് ലഭിച്ചു എന്നുള്ളത് അന്വേഷിക്കേണ്ടതാണ്. വൈദ്യുതി മേഖലയിൽ ഇടത് ഗവൺമെന്റ് ഭരണത്തിൽ വരുമ്പോഴൊക്കെ ശമ്പളം തിരിച്ചുപിടിക്കാനുള്ള ഉത്തരവിറക്കുന്നത് പതിവാണ്.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)
Ph: 9447303578

# കരിദിനം
# ജൂലൈ 7

**യു.ഡി.എഫ്. സർക്കാർ നൽകിയ ശമ്പളം**

**വെട്ടിക്കുറയ്ക്കാനുള്ള നീക്കത്തിൽ**

**പ്രതിഷേധിക്കുക - പ്രതികരിക്കുക**

1. ശമ്പളം വെട്ടിക്കുറയ്ക്കാനുള്ള തീരുമാനത്തിനെതിരെ പിൻവലിക്കാൻ
2. നിയമന നിരോധനത്തിനെതിരെ
3. പ്രമോഷനുകൾ നിഷേധിക്കുന്നതിനെതിരെ
4. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനെതിരെ

**പ്രതിഷേധിക്കുക - പ്രതികരിക്കുക**

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) സിന്ദാബാദ്